LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി റെയിൽവേ സ്റ്റേഷൻ വികസനം

69(2107) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദർശ് സ്റ്റേഷനായി ഉയർത്തപ്പെട്ടതിന്റെ ഭാഗമായി ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്തിയിട്ടുള്ളതെന്നും, കൂടുതൽ ട്രെയിനുകൾക്ക് ഇതിന്റെ ഭാഗമായി സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആദർശ് സ്റ്റേഷന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാം നിലവിൽ ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പുതുതായി പ്ലാറ്റ്ഫോം ഉയർത്തൽ, കുടിവെള്ളം, ഇരിപ്പിടം എന്നിവയ്ക്കായും റെയിൽവേ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ എല്ലാ സൂപ്പർ ഫാസ്റ്റ് ട്രെയിനുകൾക്കും സ്റ്റോപ്പ് അനുവദിക്കണമെന്നും ട്രെയിൻ നമ്പർ 12624-12623, 16305-16306, 16345-16346, 13352-13351, 16343-16344, ചെന്നൈ - തിരുവനന്തപുരം മെയിൽ, ഇന്റർസിറ്റി, കേരള, ബൊക്കാറോ-ആലപ്പുഴ, അമൃത എന്നീ ട്രെയിനുകൾക്കും സ്റ്റോപ്പ് അനുവദിക്കണമെന്നും റെയിൽവേയോട് ഇതിനകംതന്നെ ആവശ്യപ്പെട്ടിട്ടുണ്ട്.

റെയിൽവേ പദ്ധതികൾ നടപ്പാക്കുന്നതിന് കമ്പനി

70(2108) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാറിന്റെയും റെയിൽവെയുടെയും പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കമ്പനി രൂപീകരിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ശബരി പദ്ധതിയും നിലമ്പൂർ - നഞ്ചൻകോഡ് പാതയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?